**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഇരുചക്ര വാഹന യാത്രികരുമായി ബന്ധപ്പെട്ട നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ എം ഷാജി | | **Shri. A. K. Saseendran**<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരുചക്ര വാഹന യാത്രികരിൽ പിറകിലിരിക്കുന്ന വ്യക്തി ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിരിക്കുന്നത് കേന്ദ്ര മോട്ടോർ വാഹന നിയമം സംസ്ഥാനത്ത് അതുപോലെ നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണോ; മുൻ സർക്കാരിന്റെ കാലത്തും ഇക്കാര്യം നിർബന്ധമാക്കിയിരുന്നോ; | (എ) | കേന്ദ്ര മോട്ടോർ വാഹന നിയമം 2019 – ലെ ഭേദഗതി അനുസരിച്ച് സെക്ഷൻ 129 പ്രകാരം ആണ് ഇരു ചക്ര വാഹനയാത്രികരിൽ പുറകിലിരിക്കുന്ന വ്യക്തി ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് കേരള മോട്ടോർ വാഹന ചട്ടം 347A പ്രകാരം പിൻ സീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് ഒഴിവാക്കിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 19/11/2019 – ലെ WP(C)No25181/2010 നമ്പർ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന ചട്ടം 347 A നടപ്പാക്കുന്നത് മാറ്റി വയ്ക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ചാണ് പിൻ സീറ്റ് യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കിയിട്ടുള്ളത്. |
| (ബി) | ഇരുചക്ര വാഹന യാത്രയിൽ രണ്ട് ഹെൽമറ്റ് ധരിക്കേണ്ടതും യാത്രാവസാനം അത് ചുമന്ന് സൂക്ഷിക്കേണ്ടതും കൊണ്ട് ജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മുൻ സർക്കാർ പോലീസുകാരെ ഉപയോഗിച്ച് മൊബൈൽ ക്യാമറയിൽ പകർത്തി പിഴ ചുമത്തുന്നതിന് പകരം പ്രസ്തുത നിയമത്തിൽ ഇളവ് ചെയ്ത് നല്കിയത് പരിശോധിക്കുമോ; | (ബി) | കേന്ദ്ര മോട്ടോർ വാഹന നിയമം 2019 – ലെ ഭേദഗതി അനുസരിച്ച് സെക്ഷൻ 129 പ്രകാരം ആണ് ഇരു ചക്ര വാഹന യാത്രികരിൽ പുറകിലിരിക്കുന്ന വ്യക്തി ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിരിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് കേരള മോട്ടോർ വാഹന ചട്ടം 347 A പ്രകാരം പിൻ സീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് ഒഴിവാക്കിയിരിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 19/11/2019 – ലെ WP(C)No25181/2010 നമ്പർ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന ചട്ടം 347 A നടപ്പാക്കുന്നത് മാറ്റിവയ്ക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ചാണ് പിൻ സീറ്റ് യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കിയിട്ടുള്ളത്. ആയതിൽ ഇളവ് നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നിലവിലെ നടപടി കൊണ്ട് എന്ത് തുക നാളിതുവരെ അധികമായി ലഭിച്ചിട്ടുണ്ട്; | (സി) | 2,19,48,797/- |
| | | | |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ നിയമം നിർബന്ധമാക്കിയതു മൂലം റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ടി നിയമത്തിന്റെ ഭാഗമായി പിഴ ചുമത്തുന്നതിൽ നിന്നും വൃദ്ധരെയും കുട്ടികളെയും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ